സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ഫോൺ നം: 0471 2317983 ഫാക്സ് : 0471 2310192 ഇ-മെയിൽ : secretarytdbtvm@gmail.com

ദേവസ്വം ബോർഡ് ആഫീസ്
തിരുവനന്തപുരം

ROC No. 87/12/Est-1 26/04/2016

എല്ലാ ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
പ്രസിഡന്റ്/സെക്രട്ടറി തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്

വിഷയം :- തിരുവിതാംകൂർ ദേവസ്വം ബോർഡ് - അംഗീകൃത യൂണിയനുമായി 20-04-2016 -ൽ ബോർഡാഫീസിൽ വച്ച് നടന്ന ചർച്ച - തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്.

തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗീകൃത യൂണിയനുമായി 20-04-2016 -ൽ ബോർഡാഫീസിൽ വച്ച് നടന്ന ചർച്ചയുടെ മിനിറ്റ്സ് ഇതോടൊപ്പം ചേർക്കുന്നു. ആയതിലെ തീരുമാനപ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണെന്നുള്ള വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

26/4/16

സെക്രട്ടറി

പകർപ്പ് :-

1. EDP Section - തുടർ നടപടിക്കായി
2. NS Section, Board Office - തുടർ നടപടിക്കായി
3. സെക്ഷൻ ഫയൽ

സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗീകൃത യൂണിയനുമായി 20-04-2016 -ൽ ബോർഡ് ആഫീസിൽ വച്ച് നടത്തിയ ചർച്ചയുടെ നടപടി സംഗ്രഹം :

ബഹുമാനപ്പെട്ട ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അവർകളുടെ അദ്ധ്യക്ഷതയിലും ബഹുമാന്യരായ ബോർഡ് മെമ്പർ ശ്രീ. അജയ്തറയിൽ -ന്റെ സാന്നിദ്ധ്യത്തിലും നടന്ന ചർച്ചയിൽ ബോർഡ് സെക്രട്ടറി ശ്രീ. വി.എസ്. ജയകുമാറിന് പുറമെ ചുവടെ വിവരിക്കുന്നവർ പങ്കെടുത്തു.

1. ശ്രീ. സി.പി. രാമരാജ പ്രേമ പ്രസാദ്, ദേവസ്വം കമ്മീഷണർ
2. ശ്രീ. പി. ഗോപകുമാർ, ലാ ആഫീസർ
3. ശ്രീ. ജി. ബൈജു, പ്രസിഡന്റ്, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്
4. ശ്രീ. ജി. ശശികുമാർ, ജനറൽ സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്
5. ശ്രീ. എ. ജയകുമാർ, ജനറൽ സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്
6. ശ്രീ. ജി. വിജയകുമാർ, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്
7. ശ്രീ. മധുസൂദനൻപിള്ള, തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട്

രാവിലെ 11 മണിക്ക് ചർച്ച ആരംഭിച്ചു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറി ശ്രീ. വി.എസ്. ജയകുമാർ ചർച്ചയിൽ പങ്കെടുത്തവർക്ക് സ്വാഗതം പറഞ്ഞു.

I 01-05-2016 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് പുറപ്പെടുവിച്ചിരുന്ന വഴിപാട് റേറ്റ് ഏകീകരണം സംബന്ധിച്ച ഉത്തരവിലെ ഏതാനും ഐറ്റങ്ങളുടെ നടത്തിപ്പ് സംബന്ധിച്ചാണ് സംഘടന പ്രധാനമായും ചർച്ച ആവശ്യപ്പെട്ടിരുന്നത്.

അർച്ചനയിൽ വഴിപാടുകൾക്ക് സപ്ലെയർ പരിമിതപ്പെടുത്തിയത് ഒഴിവാക്കണമെന്നും പരിധിയില്ലാതെ സപ്ലെയർ അനുവദിക്കണമെന്നും ജീവനക്കാർക്ക് ദക്ഷിണ അനുവദിക്കണം എന്നും ഓരോ വഴിപാടിനും കൂടുതൽ തുക മുതൽകൂട്ടുന്നത് ഒഴിവാക്കണമെന്നും അതുവരെ വഴിപാട് റേറ്റ് ഏകീകരണം നടപ്പിലാക്കുന്നതിനുള്ള തീയതി ദീർഘിപ്പിയ്ക്കണമെന്നും സംഘടനാ പ്രതിനിധികൾ ആവശ്യപ്പെട്ടു.

ഉദ്യോഗസ്ഥർ ആരും വഴിപാട് നടത്തിപ്പിന് കൈയ്യിൽ നിന്നും തുക ഡിപ്പാർട്ട്മെന്റിൽ അടക്കേണ്ടതില്ല എന്നും ഓരോ ഐറ്റത്തിലും നിലവിൽ പുറപ്പെടുവിച്ച ഉത്തരവിലുള്ളതിനേക്കാൾ പ്രായോഗികവും ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതുമായവ ശ്രദ്ധയിൽപ്പെടുത്തിയാൽ ആയത് പരിഗണിക്കാമെന്നും ഡിപ്പാർട്ടുമെന്റ് താൽപര്യം മുൻനിർത്തി പ്രായോഗിക വശങ്ങൾ ഓരോന്നും വിശദീകരിച്ച് വിശദാംശം ഉൾപ്പെടുത്തി ഭേദഗതി ആവശ്യമുള്ള ഐറ്റങ്ങൾ സംബന്ധിച്ച വിവരം രേഖാമൂലം സമർപ്പിക്കാവുന്നതാണെന്നും ആയത് പരിശോധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കാമെന്നും ബോർഡ് പ്രസിഡന്റും മെമ്പർ ശ്രീ. അജയ്തറയിലും അറിയിച്ചു. ഇതിലേക്കായി വഴിപാട് ഏകീകരണം സംബന്ധിച്ചുള്ള പ്രാബല്യതീയതി 01-05-2016 -ൽ നിന്നും 01-06-2016 ആയി ദീർഘിപ്പിക്കുന്നതിന് തീരുമാനിച്ചു.

II ക്ഷേത്രങ്ങളിൽ Punching ഏർപ്പെടുത്തുവാനുള്ള നടപടി ഒഴിവാക്കണമെന്ന സംഘടനയുടെ ആവശ്യം പരിഗണിച്ച് ആഫീസുകളിലും ക്ഷേത്രകലാപീഠത്തിലും (അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉൾപ്പെടെ) Punching അടിയന്തിരത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചു.

(മറുപുറം)